# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **2648** — 06/11/2019-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ചികിത്സാ സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. രാജു എബ്രഹാം :** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ചികിത്സാ സഹായത്തിന് അപേക്ഷ നൽകുന്നതിന്റെ നടപടികൾ എപ്രകാരമാണ്; ഇതിനായി എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ചികിത്സാധനസഹായത്തിനുള്ള അപേക്ഷ പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ, പി.ഒ. / ടി.ഡി.ഒ.മാർ, ജനപ്രതിനിധികൾ എന്നിവർ മുഖേനയോ, ബഹു. വകുപ്പ് മന്ത്രിക്ക് നേരിട്ടോ സമർപ്പിക്കാവുന്നതാണ്.<br>അപേക്ഷയോടൊപ്പം അപേക്ഷകന്റെ/അപേക്ഷകയുടെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ആധാർ കാർഡ് പകർപ്പുകൾ, ആശുപത്രി മേധാവികൾ സാക്ഷ്യപ്പെടുത്തിയ ചികിത്സാരേഖകളും അസൽ ബില്ലുകളും, ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവൺമെന്റ് മെഡിക്കൽ ആഫീസറിൽ നിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| (ബി) | പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാധനസഹായത്തിന് ഓൺലൈൻ വഴി അപേക്ഷ നൽകാൻ സൗകര്യം ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇവരുടെ ബുദ്ധിമുട്ട് പരിഗണിച്ച് ഓൺലൈൻ സംവിധാനത്തിലൂടെ ഇവർക്ക് ചികിത്സാ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ബഹു. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം ഓൺലൈനായി നൽകുന്ന ടി-ഗ്രാന്റ്സ് സംവിധാനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യങ്ങൾക്കനുസൃതമായി ഭേദഗതി വരുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | അപേക്ഷകരുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ ചികിത്സാ സഹായത്തിന് അപേക്ഷ നൽകുമ്പോൾ വരുമാന സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും ഒഴിവാക്കുവാനും ഇവ പിന്നീട് സർക്കാർ സംവിധാനത്തിലൂടെ അന്വേഷിച്ച് കണ്ടെത്താനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | ഇത് സംബന്ധിച്ച നടപടികൾ ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ